## വിരമിക്കൽ പ്രായം: മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സിലെ വ്യവസ്ഥ ബാധകം

## ഗുജറാത്ത് ഹൈക്കോടതി

R/L.P.A. No. 63/2020 Dt. 7.9.2020

ആതിര എംപ്ലോയീസ് യൂണിയൻ

x

അഹമ്മദാബാദ് ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ് റിസർച്ച് അസോസിയേഷൻ

സ്ഥാപനത്തിന് സ്റ്റാന്റിങ് ഓർഡേഴ്സ് നിയമം ബാധകമാണെങ്കിലും അംഗീകൃത സ്റ്റാന്റിങ് ഓർഡേഴ്സില്ല. കരട് സ്റ്റാന്റിങ് ഓർഡേഴ്സ് തയ്യാറാക്കിവച്ചുവെങ്കിലും ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങാൻ മേനേജ്മെന്റ് ശ്രമിച്ചില്ല. അതേ സമയം സ്ഥാപനത്തിന് സ്വന്തമായി സേവന-വേതന ചട്ടങ്ങൾ നിലവിലുണ്ട്. തൊഴിലാളികൾ നിയമിക്കപ്പെടുമ്പോൾ നല്കിവരുന്ന നിയമന കത്തിൽ വിരമിക്കൽ പ്രായം സംബന്ധിച്ച യാതൊരു പരാമർശവുമില്ല. എന്നാൽ സേവന ചട്ടങ്ങളിൽ ഒന്നു മുതൽ ഏഴ് വരെയുള്ള വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ വിരമിക്കൽ പ്രായം 60 വയസ്സാണെന്നും മറ്റുള്ളവരുടേത് 58 വയസ്സാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സ് പ്രകാരം എല്ലാ തൊഴിലാളികളുടെയും വിരമിക്കൽ പ്രായം 60 വയസ്സായിരിക്കെ ചിലരുടേത് 58 വയസ്സായി കുറച്ചത് തെറ്റാണെന്ന് കാണിച്ച് തൊഴിലാളി യൂണിയൻ പരാതി നല്കി. അനുരഞ്ജന ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് തൊഴിലാളി യൂണിയൻ ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തു. എല്ലാ തൊഴിലാളികളുടെയും വിരമിക്കൽ പ്രായം 60 വയസ്സാണെന്ന് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധിച്ചു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്ഥാപനത്തിന്റെ റിട്ട് ഹർജിയെ എതിർത്തുകൊണ്ട് തൊഴിലാളി യൂണിയൻ ഹർജി സമർപ്പിച്ചു. മേനേജ്മെന്റിന്റെ ഹർജി അനുവദിച്ച സിംഗിൾ ബഞ്ച് തൊഴിലാളി യൂണിയന്റെ എതിർ ഹർജി തള്ളിക്കളയുകയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കുകയും ചെയ്തു. ഇതിനെതിരെ തൊഴിലാളി യൂണിയൻ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. സ്റ്റാന്റിങ് ഓർഡേഴ്സ് നിയമം ബാധകമായ സ്ഥാപനത്തിന് അംഗീകൃത സ്റ്റാന്റിങ് ഓർഡേഴ്സ് ഇല്ലെങ്കിൽ മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സാണ് ബാധകമാകുകയെന്നും അതനുസരിച്ച് എല്ലാ തൊഴിലാളികളുടെയും വിരമിക്കൽ പ്രായം 60 വയസ്സാണെന്നും നിയമന കത്തിൽ വിരമിക്കൽ പ്രായം വ്യവസ്ഥ ചെയ്തിട്ടില്ലെന്നും തൊഴിലാളി യൂണിയൻ ചൂണ്ടിക്കാട്ടി. സ്ഥാപനത്തിന് സേവന-വേതന ചട്ടങ്ങൾ നിലവിലുണ്ടെന്നും അത് എല്ലാ തൊഴിലാളികൾക്കും ബാധകമാണെന്നും മേനേജ്മെന്റ് വാദിച്ചു. അംഗീകൃത സ്റ്റാന്റിങ് ഓർഡേഴ്സ് ഇല്ലെങ്കിൽ സ്ഥാപനത്തിന് മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സ് ബാധകമാണെന്നും സേവന-വേതന ചട്ടങ്ങൾ അതിന് പകരമാവില്ലെന്നും ഡിവിഷൻ ബഞ്ച് വിലയിരുത്തി. മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സിലെ വ്യവസ്ഥയനുസരിച്ച് വിരമിക്കൽ പ്രായം 60 വയസ്സ് ആയതിനാൽ സ്ഥാപനത്തിലെ എല്ലാ തൊഴിലാളികൾക്കും അത് ബാധകമാണെന്ന് വ്യക്തമാക്കിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി റദ്ദാക്കുകയും തൊഴിലാളി യൂണിയന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.